# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1896 13/06/2019-ൽ മറുപടിക്ക്

**റീജിയണൽ കാൻസർ സെന്ററിൽ ശമ്പള പരിഷ്കരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി )** | |
| എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ശമ്പള പരിഷ്കരണം നടന്നത് എന്നാണെന്ന് വ്യക്തമാക്കുമോ; | എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ അക്കാഡമിക്, നോൺ അക്കാഡമിക് വിഭാഗത്തിന് ( നേഴ്സിങ് അസിസ്റ്റന്റ് , ക്ലീനേഴ്സ് എന്നീ വിഭാഗങ്ങൾ ഒഴികെ ) 03/11/2009 തീയതിയിലെ G.O.(Ms.) No. 382/2009/H&FWD സർക്കാർ ഉത്തരവ് അനുസരിച്ച് 01/01/2006 മുതലും , മോണിറ്ററി ബെനിഫിറ്റ് 01/01/2007 മുതലും അനുവദിച്ച് കൊണ്ട് കേന്ദ്ര നിരക്കിലുള്ള ആറാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.<br>നേഴ്സിങ് അസിസ്റ്റന്റ്, ക്ലീനേഴ്സ് എന്നീ വിഭാഗത്തിന് സംസ്ഥാന സർക്കാരിന്റെ പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ 01/07/2014 മുതലും, മറ്റ് അലവൻസുകൾ 01/02/2016 മുതലും അനുവദിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | പുതിയ ശമ്പളപരിഷ്കരണം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ശമ്പള പരിഷ്കരണം കേന്ദ്രനിരക്കിൽ ആണോയെന്നും എന്നത്തേക്ക് നടപ്പിലാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ? | ബി) | ഉണ്ട്. ഇത് സംബന്ധിച്ച് റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ സമർപ്പിച്ച പ്രൊപോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ